മനുഷ്യാവകാശം

●

ശിഹാബ് പൂക്കോട്ടൂർ

# ഇറോം ശർമിള അഥവാ ഇന്ത്യ ഇപ്പോൾ മൂക്കിലൂടെയാണ് ഭക്ഷണം കഴിക്കുന്നത്




**ഇടതോ** വലതോ അല്ലാത്ത എല്ലാ ഇടപെടലുകളും 'ഭീകരവാദ'മാവുന്ന അവസ്ഥ ഇവിടെ ബോധപൂർവം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. എല്ലാ വർഗീകരണങ്ങളും ഹിംസാത്മക പ്രത്യാഘാതങ്ങൾക്ക് വഴിവെക്കാറുണ്ട്. തരംതിരിച്ച് കാണാനുള്ള ഭരണകൂട യുക്തിയാണ് ഭരിക്കുന്നവരെ സുരക്ഷിതരാക്കുന്നത്. ജനാധിപത്യപരവും സർഗാത്മകവും നീതിയുക്തവുമായ സമരരൂപങ്ങൾ 'സായുധ' സമരമായും, ആക്ടിവിസം 'ഭീകരവാദ'മായും തെറ്റിദ്ധരിപ്പിക്കപ്പെടുമ്പോൾ ദരിദ്രമായ നമ്മുടെ പദകോശത്തിന്റെ പരിമിതി തന്നെയാണ് വെളിച്ചത്താവുന്നത്. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളും മാധ്യമങ്ങളും വിദേശപ്പണം, നക്സലൈറ്റ് ദുഃസ്വാധീനം, ജിഹാദ് എന്നൊക്കെ സകല മനുഷ്യാവകാശ സമരങ്ങളെയും ബ്രാൻഡ് ചെയ്യുകയാണ്.

ആസാം, മണിപ്പൂർ, നാഗാലാന്റ്, മിസോറാം, സിക്കിം,

മേഘാലയ തുടങ്ങിയ വടക്കു കിഴക്കൻ സംസ്ഥാനങ്ങളോട് ഭരണകൂടം സ്വീകരിച്ചിരിക്കുന്ന നിലപാട് ഇതിന് മികച്ച ഉദാഹരണമാണ്. ഈ സംസ്ഥാനങ്ങളിൽ മിക്കയാളുകളും മരിക്കുന്നത് പട്ടിണി മൂലമാണ്. ബ്രിട്ടൻ അവരുടെ കോളനി താൽപര്യങ്ങൾ സംരക്ഷിക്കാൻ തന്ത്രപ്രധാനമായ ഈ മേഖലകളിലെ വ്യാപാര ബന്ധം തകർത്തുകളഞ്ഞു. ഇന്ത്യ സ്വാതന്ത്ര്യം കൈവരിച്ചെങ്കിലും വടക്കു കിഴക്കൻ പ്രദേശങ്ങളിൽ കാര്യമായ മാറ്റമൊന്നുമുണ്ടായില്ല. കൊളോണിയൽ നയങ്ങൾ അതേപടി തുടർന്നു. ഒരു കാലത്ത് വെള്ളക്കാർ തങ്ങളെ കണ്ടിരുന്ന അതേ അവജ്ഞയോടെ ഇന്ത്യൻ ദേശീയവാദികൾ ഇവിടത്തെ ഗോത്ര വാസികളെ കാണാൻ തുടങ്ങി. ഇവിടത്തെ ഉൽപന്നങ്ങൾ പലതും കയറ്റുമതി ചെയ്യുന്നുണ്ടെങ്കിലും അതിന്റെ വരുമാനങ്ങളൊന്നും ഇവിടത്തുകാർക്ക് ലഭിക്കുന്നില്ല. 1929-ൽതന്നെ നാഗരന്മാർ തങ്ങളെ ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമല്ലാതെ കാണണമെന്നാവശ്യപ്പെട്ട് സൈമൺ കമീഷന് നിവേദനം സമർപ്പിച്ചിരുന്നു. അവർ മാത്രമല്ല, ബ്രിട്ടീഷ്, ബർമീസ് അധിനിവേശത്തിനെതിരെ പൊരുതിയ മണിപ്പൂരികളും മിസോകളും ഉയർത്തിയിരുന്നു സമാനമായ ആവശ്യം. വിഭജനകാലത്ത് ബ്രിട്ടൻ സ്വയംനിർണയാവകാശം വാഗ്ദാനം ചെയ്തു. പിന്നീട് സ്വതന്ത്ര്യ ഇന്ത്യയുടെ ഭരണകൂടവും ഈ വാക്ക് ആവർത്തിച്ചു. പക്ഷേ, പാലിക്കപ്പെട്ടില്ല. പകരം വിഘടനവാദത്തിനെതിരായ കടുത്ത പട്ടാളനിയമങ്ങളാണ് അവരെ നേരിട്ടത്. പത്തുപേർക്ക് ഒരു പട്ടാളക്കാരൻ എന്നാണിവിടത്തെ ഇപ്പോഴത്തെ അനുപാതം. ടിബറ്റ്-ചൈനീസ് കുടുംബത്തിൽപെട്ട അവരുടെ മുഖ്യ ഭാഷകളെ ഈയടുത്ത കാലം വരെ ഇന്ത്യൻ ഭാഷകളായിപ്പോലും അംഗീകരിച്ചിരുന്നില്ല. കടുത്ത വിവേചനത്തിനിരയായിക്കൊണ്ടിരിക്കുകയാണ് ഇവിടത്തെ ജനങ്ങൾ. ഗവൺമെന്റ് ഉദ്യോഗങ്ങൾ കൈക്കൂലി കൊടുത്ത് വാങ്ങിയാൽ മാത്രം ലഭിക്കും. കടുത്ത വരൾച്ചയും വെള്ളപ്പൊക്കവും തൊഴിലില്ലായ്മയും അനുഭവിക്കുന്നതോടൊപ്പം ഇന്ത്യൻ പട്ടാളക്കാരുടെ ക്രൂരമായ പീഡനങ്ങളും അവർ നേരിടേണ്ടിവരുന്നു. പിടിച്ചുപറി, ബലാൽസംഗം, വ്യാജ ഏറ്റുമുട്ടൽ തുടങ്ങിയവ മുറതെറ്റാതെ അരങ്ങേറുന്നു.

2000 നവംബർ ഒന്നിന് മാലോം ഗ്രാമത്തിൽ പത്ത് നിരപരാധികളെ സുരക്ഷാസേന ക്രൂരമായി കൊല ചെയ്തതിൽ പ്രതിഷേധിച്ചാണ് ഇറോം ശർമിള എന്ന യുവകവയിത്രി മണിപ്പൂരിൽ നിരാഹാര പോരാട്ടത്തിന് തുടക്കം കുറിച്ചത്. പത്തു വർഷമായി തുടർന്നുകൊണ്ടിരിക്കുന്ന ആ സമരത്തോട് ഭരണകൂടം സ്വീകരിക്കുന്ന നിലപാട് നിരുത്തരവാദപരമാണ്. ഛത്തീസ്ഗഢിലെ റായ്പൂരിൽ ആദിവാസികൾക്കിടയിൽ പ്രവർത്തിച്ചിരുന്ന ഡോ. ബിനായക് സെന്നിനെ തുറുങ്കിലടച്ചതിന് സമാനമായ ഭരണകൂട ഭീകരതയാണ് ഇവിടെ അരങ്ങേറുന്നത്.

ഇറോം ശർമിള പ്രതീകാത്മകമായ ഒരു പോരാട്ടത്തിലാണ് ഏർപ്പെട്ടിരിക്കുന്നത്. സൈന്യത്തിന് നൽകിയിരിക്കുന്ന അമിതാധികാരങ്ങൾ പിൻവലിക്കണമെന്നാണ് പ്രധാന ആവശ്യം. ഇറോം ശർമിളയുടെ പത്തു വർഷം നീണ്ട സഹനസമരത്തെ ഭീകരവാദമായി നേരിടാൻ പോലും നമ്മുടെ ഭരണകൂടം തയാറായി. കൂട്ടത്തിൽ ചേരാത്തതിനെ മാറ്റിനിർത്തുക എന്ന ഫ്യൂഡൽ യുക്തിയാണ് ഇറോം ശർമിളയുടെയും വടക്കു കിഴക്കൻ നാടുകളുടെയും കാര്യത്തിൽ ഇന്ത്യൻ ഭരണകൂടത്തെ നിയന്ത്രിക്കുന്നത്. ഇറോം ശർമിളക്ക് മാത്രമായി നിർബന്ധപൂർവം ഭക്ഷണം കൊടുത്താൽ പോരാ, പട്ടിണി മൂലം അനുദിനം മരണപ്പെടുന്ന ഇവിടത്തുകാർക്കും മൂക്കിലൂടെ ഒരു കുഴലെങ്കിലും സർക്കാർ നൽകണം! ഇറോം ശർമിളയുടെ സ്വാഭിമാന സമരം ഒരു മാതൃകയാണ്.

എസ്.ഐ.ഒ ഇറോം ശർമിളയുടെ സഹനസമരത്തിന് ഐക്യദാർഢ്യം പ്രഖ്യാ

പിച്ച് നിരവധി പരിപാടികൾ നടത്തുന്നുണ്ട്. മനുഷ്യാവകാശ പ്രവർത്തകരുടെ സംഗമവും ഐക്യദാർഢ്യ പോസ്റ്ററും വെബ് ആക്റ്റിവിസങ്ങളും എസ്.എം.എസ് കാമ്പയിനുകളും അതിന്റെ ഭാഗമായി നടക്കുന്നുണ്ട്. മർദിതരും അന്യവത്കൃതരുമായ ജനവിഭാഗത്തിന്റെ ചരിത്രത്തിന് ഒരിടം വേണമെന്ന നിർബന്ധ ബുദ്ധിയാണ് എസ്.ഐ.ഒവിനെ ഇതിന് പ്രേരിപ്പിക്കുന്നത്. ■